**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4678      19.05.2017-ലെ മറുപടിക്ക്

**ഒറ്റപ്പാലം മണ്ഡലത്തിൽ ധനസഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉണ്ണി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതിയുടെ കാലികസ്ഥിതി വിശദമാക്കാമോ; | (എ) | സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയും ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതിയും പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്നു. ഭൂമി വാങ്ങുന്നതിന് ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 5 സെന്റ് ഭൂമിയ്ക്ക് 3,75,000/- രൂപയും മുനിസിപ്പാലിറ്റികളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിയ്ക്ക് 4,50,000/- രൂപയും കോർപ്പറേഷനുകളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിയ്ക്ക് 6,00,000/- രൂപയുമാണ് ധനസഹായമായി അനുവദിക്കുന്നത്. വീട് നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് 3,00,000/- രൂപയാണ് ഭവന നിർമ്മാണ ധനസഹായമായി അനുവദിക്കുന്നത്. നാല് ഗഡുക്കളായി നൽകി വരുന്ന തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. 2007-08 മുതൽ അനുവദിച്ചതും നിർമ്മാണം പൂർത്തിയാക്കാത്തതുമായ വീടുകൾക്ക് പുതുക്കിയ നിരക്കിന് ആനുപാതികമായ തുകയും അനുവദിക്കുന്നുണ്ട്. |
| (ബി) | 2016-17 വർഷത്തിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീടും സ്ഥലവും വാങ്ങുന്നതിനായി ധനസഹായം നൽകി; വിശദാംശം നൽകാമോ; | (ബി) | 2016-17-ൽ 4465 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും 14946 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകി; 1-7-2016 മുതൽ 31-3-2017 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ 36 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും 158 പേർക്ക് വീട് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2016-17 സാമ്പത്തിക വർഷം ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തച്ചനാട്ടുകര | 4 | 1500000 |
| 2 | ശ്രീകൃഷ്ണപുരം | 3 | 1125000 |
| 3 | പൂക്കോട്ടുകാവ് | 4 | 1500000 |
| 4 | കടമ്പഴിപ്പുറം | 6 | 2250000 |
| 5 | കരിമ്പുഴ | 6 | 2250000 |
| 6 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 7 | 3150000 |
| 7 | അമ്പലപ്പാറ | 3 | 1125000 |
| 8 | ലക്കിടി പേരൂർ | 3 | 1125000 |
| | **ആകെ** | **36** | **14025000** |

## 2016-17 സാമ്പത്തിക വർഷം വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ശ്രീകൃഷ്ണപുരം | 22 |
| 2 | പൂക്കോട്ടുകാവ് | 21 |
| 3 | കടമ്പഴിപ്പുറം | 22 |
| 4 | കരിമ്പുഴ | 27 |
| 5 | അമ്പലപ്പാറ | 19 |
| 6 | ലക്കിടി പേരൂർ | 12 |
| 7 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 20 |
| 8 | തച്ചനാട്ടുകര | 15 |
| | **ആകെ** | **158** |

സെക്ഷൻ ഓഫീസർ